LIBRARY ARCHIVES Kerala Legislative Assembly

പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ വികസനം

32 [3013] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുള്ള പദ്ധതി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ബി) എത്ര ലക്ഷം രൂപയുടെ പ്രോജക്ടാണിത്; അതിനുള്ള സാമ്പത്തിക സഹായം എവിടെ നിന്നാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും റോഡ് വികസനത്തിനാവശ്യമായ ഭൂമി മുഴുവനും കെ.എസ്.ടി.പി.-ക്ക് കൈമാറിയിട്ടുണ്ടോ യെന്നും വിശദമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്താണ്;

(ഡി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ മൂവാറ്റുപുഴ-തൊടുപുഴ വരെയുള്ള 17 കി.മീറ്റർ ദൂരം റോഡിന്റെ പണികൾ M/s. ഓറിയന്റൽ സ്ട്രക്ചേഴ്സ്—എഞ്ചിനീയേഴ്സ് എന്ന കരാറുകാർക്കാണ് നൽകിയിട്ടുള്ളത്. ഇതിന്റെ പണികൾ കെ.എസ്.ടി.പി. ഒന്നാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. പുനലൂർ-തൊടുപുഴ റോഡ് 131 കി.മീറ്റർ രണ്ടാംഘട്ട അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ ടെണ്ടറിന്റെ കാലാവധി നീട്ടാത്തതിനാൽ റീ ടെണ്ടർ ചെയ്യേണ്ടതായിട്ടുണ്ട്.

(ബി) 268 കോടി രൂപയുടെ പ്രോജക്ടാണിത്. ഇതിനുള്ള ധനസഹായം നൽകുന്നത് ലോകബാങ്കാണ്.

(സി) ഈ റോഡിന്റെ ഒന്നാംഘട്ട അപ്ഗ്രഡേഷനിലുള്ള വികസനത്തിനാവശ്യമായ ഭൂമി കൈമാറിയിട്ടുണ്ട്. റോഡു നിർമ്മാണം പുരോഗമിച്ചു വരുന്നു. രണ്ടാംഘട്ട റോഡുവികസനത്തിനാവശ്യമായ ഭൂമി മുഴുവനും കെ.എസ്.ടി.പി.-ക്ക് കൈമാറിയിട്ടില്ല. പൊന്നുംവില നടപടികളുടെ നിയമപ്രകാരമുള്ള കാലതാമസമാണ് കാരണം.

(ഡി) ഒന്നാംഘട്ട പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാംഘട്ട അപ്ഗ്രഡേഷൻ പണികൾ റീടെണ്ടർ ചെയ്യേണ്ടതിനുള്ള നടപടികൾ നടന്നുവരുന്നു.